# സ്നേഹ ടൈലറിംഗ് വെള്ളിപറമ്പ്, പെരുവയൽ സി.ഡി.എസ്

പെരുവയൽ സി.ഡി.എസിനു കീഴിൽ വെള്ളിപറമ്പിലാണ് സ്നേഹ ടൈലറിംഗ് എന്ന സംരംഭം നില നിൽക്കുന്നത്. 2014 ലാണ് ഈ സംരംഭം ആരംഭിച്ചത്. മൂന്നു വർഷായി ഇതു പ്രവർത്തിക്കുന്നുണ്ട്. ആദ്യം വളരെ സൗകര്യമുള്ള ഒരു കെട്ടിടത്തിൽ പ്രതിമാസം 3000 രൂപ വാടകക്കാണ് ഈ യൂണിറ്റ് പ്രവർത്തിച്ചു പോന്നത്. ഇക്കാലത്ത് മുപ്പതോളം വനിതകൾക്ക് ഇവിടെ ടൈലറിംഗ് പരിശീലനം നൽകിയിരുന്നു. എന്നാൽ സാമ്പത്തികമായ പ്രതിസന്ധി യൂണിറ്റ് നേരിടുകയും തുടർന്ന് വെള്ളി പറമ്പുള്ള ചെറിയ ഒരു വാടക മുറിയിലേക്ക് യൂണിറ്റ് മാറ്റി സ്ഥാപിച്ചു. നിലവിൽ യൂണിറ്റിൽ 2 പേർ മാത്ര മാണ് ജോലിയിലേർപ്പെടുന്നത്. മറ്റ് 3 പേർ സ്വന്തം വീട്ടിലേക്ക് മെഷീൻ മാറ്റി വീട്ടിലിരു ന്നാണ് ജോലി ചെയ്യുന്നത്.

യൂണിറ്റംഗങ്ങൾ

1. സന്ധ്യ
2. ജിഷ
3. രൂപശ്രീ
4. കല
5. മിനി.

2,35,000/ രൂപയാണ് പ്രൊജക്ട് തുകയായി ബാങ്ക് ലോൺ അനുവദിച്ചിട്ടുള്ളത്. 50,000 രൂപ സബ്സിഡിയായി കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. 1,20,000/ ഇനിയും തിരിച്ചടവിനത്തിൽ ബാങ്കിൽ കുടിശ്ശിഖയുണ്ട്. യൂണിറ്റിൽ പ്രവർത്തിക്കുന്ന രണ്ടാൾക്കും 2000/ രൂപ വീതം വരുമാനമായി ആഴ്ചയിൽ ലഭിക്കുന്നുണ്ട്. വൈദ്യുത ചാർജ്ജ്,ലോൺ തിരിച്ചടവ്, കെട്ടിട വാടക (പ്രതിമാസം 1200 രൂപ) എന്നിവ ഇതിനു പുറമേ യൂണിറ്റ് വഹിക്കുന്നു. ഉൽസവ കാലങ്ങളിൽ കൂടുതൽ ജോലി തിരക്കനുഭവപ്പെ ടാറുണ്ട്.എം.ഇ.സി യൂണിറ്റിൽ സന്ദർശ്ശിക്കാറുണ്ട്.

## യൂണിറ്റിനെ സംബന്ധിച്ച നിരീക്ഷണങ്ങൾ

1.യൂണിറ്റിൽ ലഡ്ജർ,ബിൽ ബുക്ക്, ഡേ ബുക്ക് തുടങ്ങിയവയുണ്ടെങ്കിലും കണക്ക് കാര്യങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കാറില്ല.
2.യൂണിറ്റ് ഓഡിറ്റിംഗിനു വിധേയമായിട്ടില്ല.

3.യൂണിറ്റംഗങ്ങളെല്ലാവരും ഒന്നിച്ചു പ്രവർത്തിക്കാറില്ല. കൂട്ടുത്തരവാദിത്വം, വർക്ക് ക്യാൻവാസിംഗ് എന്നിവയിൽ പോരായ്മയുണ്ട്.

4. യൂണിറ്റിന് ഇപ്പോഴും ബി.ഇ.പി മിറകടക്കാൻ സാധിച്ചിട്ടില്ല , ആയതിനാൽ യൂണിറ്റ് ലാഭകരമെന്ന് വിലയരുത്താനാവില്ല.

## യൂണിറ്റിനു നൽകിയ നിർദ്ദേശങ്ങൾ

1. എല്ലാ മാസവും യോഗം ചേരുന്നതിനും, കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കാനും, ഓരോ മാസത്തെ കണക്കുകൾ യൂണിറ്റംഗങ്ങളെ ബോധ്യപ്പെടുത്തുന്നതിനും നിർദ്ദേശിച്ചു.
2. യൂണിറ്റിനെ ജീവനം ഉപജീവന ക്യാമ്പയിനിന്റെ ഭാഗമായുള്ള കണക്കെഴുത്ത് പരിശീലനത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.
3. അപ്പാരൽ യൂണിറ്റുകളുടെ ക്ലസ്റ്ററിംഗിലേക്ക് യൂണിറ്റിനെ ഉൾപ്പെടുത്താനും അതു വഴി കൂടുതൽ ഓർഡറുകൾ യൂണിറ്റിനു ലഭ്യമാക്കാനും ഇതിനായി യൂണിറ്റംഗങ്ങളോട് തയ്യാറാകാൻ നിർദ്ദേശിച്ചു.
4. യൂണിറ്റംഗങ്ങളോട് പി.ഐ.പി പരിശീലനത്തിൽ പങ്കെടുക്കാൻ നിർദ്ദേശിച്ചു.
5. മുഴുവൻ യൂണിറ്റംഗങ്ങളെ എം.ഇ.സി, എം.ഇ ജില്ലാ പ്രോഗ്രാം മാനേജർ, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വിളിച്ചു ചേർത്ത് യൂണിറ്റംഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കാനുമുള്ള ഒരു യോഗം ചേരുന്നതിന് ഒരു തീയ്യതി യൂണിറ്റുകളോട് അിറയിക്കാൻ നിർദ്ദേശിച്ചു,

റിജേഷ്. വി.എസ്

ജില്ലാ പ്രോഗ്രാം മാനേജർ

മൈക്രോ എന്റർപ്രൈസസ് ഡവലപ്പ്മെന്റ്, കോഴിക്കോട്